പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 588 11-06-2013 -ൽ മറുപടിക്ക്.

ഭവന നിർമ്മാണ ബോർഡ് വായ്പകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ. | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഭവന നിർമ്മാണ ബോർഡ് ഹഡ്കോയ്ക്ക് എത്ര കോടി രൂപ കൊടുത്തു തീർക്കാനുണ്ട്; | (എ) ഭവന നിർമ്മാണ ബോർഡ് 31/05/2013-ലെ കണക്കനുസരിച്ച് ഹഡ്കോയ്ക്ക് 257.84 കോടി രൂപ കൊടുത്തു തീർക്കാനുണ്ട്. |
| (ബി) ബോർഡ് ഇപ്പോൾ ഭവന വായ്പ നൽകുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ പലിശ എത്ര ശതമാനമാണെന്നും പലിശ കണക്കാക്കുന്നത് എങ്ങിനെയെന്നും വ്യക്തമാക്കുമോ; | (ബി) ബോർഡ് ഇപ്പോൾ ഭവന വായ്പ നൽകുന്നില്ല. |
| (സി) ബോർഡ് ഏതൊക്കെ വായ്പകളാണ് എഴുതിത്തള്ളിയതെന്നും എത്ര കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ടെന്നും വ്യക്തമാക്കുമോ; | (സി) 20/05/2009-ലെ സ. ഉ. (എം.എസ്) നം.21/2009/ഭവനം ഉത്തരവു പ്രകാരം താഴെപ്പറയുന്ന വായ്പകൾ എഴുതിത്തള്ളിയിട്ടുണ്ട്.<br>(a) EWS അർബൻ<br>(b) കുടികിടപ്പുകാർക്കുള്ള ഭവന പദ്ധതി<br>(c) ഹഡ്കോ 80 പദ്ധതി<br>(d) സന്നദ്ധസംഘടനകളുടെ സഹായത്തോടെനടപ്പിലാക്കിയ പദ്ധതി (SASH)<br>(e) 1984-ലെ പ്രളയദുരിതാശ്വാസ പദ്ധതി<br>(f) പുനരധിവാസ ഭവന നിർമ്മാണ പദ്ധതി 3ഉം 4ഉം ഘട്ടങ്ങൾ.<br>(g) രാജീവ് ദശലക്ഷപാർപ്പിട പദ്ധതി (1992-1995) |

(h) കൈരളി ഭവന നിർമ്മാണ പദ്ധതി

(i) GIC ഭവന പദ്ധതി

(j) ബീഡിതൊഴിലാളികൾക്കുള്ള ഭവന പദ്ധതി (1990)

(k) കൈത്തറിനെയ്ത്ത് തൊഴിലാളികൾക്കുള്ള പദ്ധതി (1991)

(l) കേരള ചെത്ത് തൊഴിലാളി ക്ഷേമ ഭവന പദ്ധതി ( 1979-80)

(m) രാജീവ് ദശലക്ഷ ഹൗസിംഗ് കോംപ്ലക്സ് പാർപ്പിട പദ്ധതി (1991-92)

(n) അറ്റകുറ്റപ്പണികൾ തീർത്ത് വീട് വാസയോഗ്യമാക്കുന്നപദ്ധതി (1987-96)

(o) കളക്ടർമാർ മുഖേന നടപ്പിലാക്കിയ പ്രളയ ദുരിതാശ്വാസ പദ്ധതി.

31-5-2013- ലെ കണക്ക് പ്രകാരം 272.94 കോടി രൂപ ബോർഡിന് പിരിഞ്ഞു കിട്ടാനുണ്ട്. ദുർബല വിഭാഗത്തിൽപ്പെട്ട മൈത്രി ഭവന പദ്ധതിയിലെ കുടിശ്ശികക്കാരായ 38,384 പേരുടെ 137.94 കോടി രൂപയും അർഹരായവർക്ക് വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം 59.84 ലക്ഷം രൂപയും എഴുതിത്തള്ളിയിട്ടുണ്ട്.

| | |
|---|---|
| (ഡി) എം.ഐ.ജി. വിഭാഗത്തിൽപ്പെട്ടവരുടെ വായ്പയുടെ പിഴ പലിശയും മുടക്കപലിശയും പൂർണ്ണമായും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ